# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 10.04.2024 മുതൽ 14.04.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 15/2024, (29) ചൊവ്വാഴ്ച** | **തീയ്യതി 09/04/2024** |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ഏപ്രിൽ 03 മുതൽ 2024 ഏപ്രിൽ 09 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (2024 ഏപ്രിൽ 10 മുതൽ ഏപ്രിൽ 14 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| **03/04** | **04/04** | **05/04** | **06/04** | **07/04** | **08/04** | **09/04** | **തീയ്യതി** | **10/04** | **11.04** | **12/04** | **13/04** | **14/04** |
| 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | 0.2 | 0.1 | 0 | 3 | 2 |
| 36.9 | 36.5 | 37.4 | 37.4 | 38.5 | 37.0 | 37.2 | ഉയർന്ന താപനില (°C) | 38 | 38 | 38 | 38 | 38 |
| 27.0 | 27.1 | 27.4 | 26.7 | 27.3 | 27.0 | 26.9 | കുറഞ്ഞ താപനില (°C) | 27 | 27 | 27 | 25 | 25 |
| Partially cloudy | Partially cloudy | Partially cloudy | Cloudy | Cloudy | Partially cloudy | Partially cloudy | AM — Partially cloudy | Overcast | Partially cloudy | Cloudy | Overcast | Overcast |
| Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | Partially cloudy | | PM | | | | | |
| 85 | 85 | 86 | 86 | 88 | 88 | 89 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 76 | 76 | 76 | 76 | 76 |
| 57 | 55 | 43 | 54 | 54 | 55 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 59 | 59 | 59 | 59 | 59 |
| 2.3 | 2.4 | 2.5 | 2.3 | 2.3 | 2.5 | 2.3 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 3 | 2 | 3 | 2 |
| C | C | C | C | C | C | C | AMv — കാറ്റിന്റെ ദിശ (ഡിഗ്രി ) | W | WSW | WSW | WSW | W |
| WNW | SSW | SW | NW | SSW | NNW | | PM | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/03/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 0.0 | 132.2 | 0.0 |

കാലാവസ്ഥാ അറിയിപ്പ്: തൃശ്ശൂർ ജില്ലയിൽ 09.04.2024 മുതൽ 13.04.2024 വരെ കൂടിയ താപനില ഏകദേശം 38 ℃ ആയിരിക്കാൻ സാധ്യതയുണ്ട്.

IMD യുടെ പ്രവാചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

## വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (Thrissur District)

**പൊതുനിർദേശങ്ങൾ:** വേനൽച്ചൂടിൽനിന്നും ജനങ്ങളെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാതിരിക്കാൻ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറയ്ക്കാം.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പുഞ്ച) പാലുറച്ച പരുവം | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ടു മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുൻപോ ,വൈകീട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം.അല്ലെങ്കിൽ മരുന്നുതളി പരാഗണത്തിനെ പ്രതികൂലമായി ബാധിക്കും. |
| തെങ്ങ് | - | അന്തരീക്ഷഊഷ്മാവ് കൂടിവരുന്നതിനാൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്.തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്നു മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലു കീറിയോ,ഓരോ തെങ്ങിന്റെ കടക്കചുറ്റും തടിയിൽ നിന്നും രണ്ടു മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരികൾ നിരത്തിയശേഷം മണ്ണിട്ട് മൂടാം .ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേക്ക് വരത്തക്കവിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്.ഇതിനു മുകളിൽ മണ്ണിട്ട് മൂടണം. ചകിരി അടുക്കുന്നതുകൊണ്ടുള്ള ഗുണം 5 - 7 വർഷക്കാലം നിലനിൽക്കും .ചകിരിക്കു പകരം ചകിരിചോറ് തെങ്ങൊന്നിന് 25 കിലോഗ്രാം എന്ന തോതിൽ ഓരോ വർഷവും തടത്തിലിട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും . |
| പച്ചക്കറികൾ | നീരൂറ്റിക്കുടിക്കുന്ന പ്രാണികൾ | അന്തരീക്ഷ ഊഷ്മാവ് കൂടിവരുന്നതിനാൽ നീരൂറ്റിക്കുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ 2 % വീര്യം ഉള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക.അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്രകുമിൾ ഒരു ലിറ്റർ വെള്ളത്തി കലക്കി തളിക്കുക . |

മൃഗസംരക്ഷണം -: മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി ഉള്ളപ്പോൾ പശുവിനെ കുളിപ്പിക്കുകയോ തൊഴുത്ത് കഴുകുകയോ ചെയ്യരുത്. ഇങ്ങനെ ചെയ്താൽ ചൂട് കൂടുതൽ അനുഭവപ്പെടും. കന്നുകാലിത്തൊഴുത്തിൽ ആവശ്യമെങ്കിൽ ഫാനുകളുടെ സഹായത്തോടെ വായുസഞ്ചാരം കൂട്ടുന്നതും വശങ്ങൾ തുറന്നുവയ്ക്കുന്നതും പറ്റുമെങ്കിൽ മേൽക്കൂരയുടെ ഉയരം കൂട്ടുന്നതും നല്ലതാണ്. തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. (CAADECCS, KVASU, Mannuthy).